പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2883 — 18.06.2018 ൽ മറുപടിയ്ക്ക്

**ചോദ്യം**
ശ്രീ.റോജി എം. ജോൺ

**മറുപടി**
ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

## അങ്കമാലിയിൽ കോടതി സ്ഥാപിക്കുന്നതിനായി ഭൂമി

| | | |
|---|---|---|
| (എ) | അങ്കമാലി നിയോജക മണ്ഡലത്തിൽ കോടതി സ്ഥാപിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ ഭൂമി നീതിന്യായ വകുപ്പിന് നൽകുന്നത് സംബന്ധിച്ച് സ്ഥലം നിയമസഭാംഗം 15.03.2017 ൽ നൽകിയ നിവേദന പ്രകാരം A3/255/2017/Rev നമ്പർ ഫയലിൽ റവന്യൂ വകുപ്പ് നാളിതുവരെയായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) യും(ബി) യും 26/08/2017-ൽ ഇറിഗേഷൻ വകുപ്പിൽ നിന്നും കൈമാറി ലഭിച്ച ഫയലിൽ 15/09/2017-ലെ കത്ത് മുഖേന കോടതി നിർമ്മാണത്തിന് ആവശ്യമായ ഭൂമിയുടെ സ്കെച്ച്, മഹസ്സർ, ബി.റ്റി.ആർ പകർപ്പ്, കമ്പോള വില എന്നിവ ലഭ്യമാക്കുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.അങ്കമാലി നിയോജക മണ്ഡലത്തിൽ കോടതി സ്ഥാപിക്കുന്നതിനായിട്ടുള്ള ഫയലിൽ 28/02/2018-ലാണ് ജില്ലാ ജഡ്ജിയിൽ നിന്നും അർത്ഥനാ പത്രം ലാന്റ് റവന്യൂ കമ്മീഷണർക്ക് ലഭിച്ചത്. ടി ഭൂമി സംബന്ധിച്ച് അന്വേഷണം നടത്തി ഭൂമി കൈമാറ്റ ശിപാർശ ലഭ്യമാക്കുന്നതിനായി ആലുവ തഹസിൽദാർക്ക് 6/03/2018-ൽ റിപ്പോർട്ടിനായി അയച്ചിരുന്നതും വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി ആർ.ഡി.ഒ. ഫോർട്ട് കൊച്ചിയുടെ അംഗീകാരത്തിന് 06/04/2018-ൽ അയച്ചിട്ടുള്ളതുമാണ്. ആർ.ഡി.ഒ. ഫോർട്ട് കൊച്ചി നടത്തിയ സൂക്ഷ്മ പരിശോധനയിൽ തഹസിൽദാർ സമർപ്പിച്ച റിപ്പോർട്ടിൽ ജലസേചന വകുപ്പിൽ നിന്നുമുള്ള നിരാക്ഷേപ പത്രത്തിലെ സർവ്വെ നമ്പറിലും കൈമാറാൻ ഉദ്ദേശിക്കുന്ന ഭൂമി സംബന്ധിച്ച് വില്ലേജോഫീസർ തയ്യാ റാക്കിയ സ്കെച്ച്, മഹസ്സർ എന്നിവയിലെ സർവ്വെ നമ്പറിലും വ്യത്യാസമുള്ളതായി കണ്ടെത്തിയതിനാൽ ജലസേചന വകുപ്പിൽ നിന്ന് നിരാക്ഷേപ പത്രം വാങ്ങി ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫയൽ റവന്യൂ വകുപ്പിന്റെ പരിഗണനയ്ക്ക് എന്നാണ് വന്നതെന്നും ഫയലിൽ റവന്യൂ വകുപ്പ് കഴിഞ്ഞ 6 മാസമായി കൈക്കൊണ്ട നടപടികൾ എന്തെന്നും വ്യക്തമാക്കാമോ; | |

| | | |
|---|---|---|
| (സി) | ഒരു റിപ്പോർട്ട് ആവശ്യപ്പെട്ട ഫയലിൽ ഇത്രയും കാലതാമസം ഉണ്ടായിട്ടും നടപടി സ്വീകരിക്കാത്തതിന്റെ കാരണം എന്താണെന്നോ, തടസ്സം എന്താണെന്നോ വകുപ്പ് സെക്രട്ടറിയോ, വകുപ്പിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരോ അന്വേഷിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി)യും (ഡി)യും വളരെയേറെ ശ്രദ്ധയോടെ തയ്യാറാക്കേണ്ട ഒന്നാണ് ഭൂമി കൈമാറ്റ റിക്കാർഡുകൾ. അത് തയ്യാറാക്കുമ്പോൾ വരുന്ന സാധാരണ കാലതാമസം മാത്രമേ ഈ ഫയലിലും എടുത്തിട്ടുള്ളൂ. ഈ ഫയലിൽ കഴിയുന്നതും വേഗത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | സർക്കാർ ഭൂമി സർക്കാരിന്റെ തന്നെ മറ്റൊരു വകുപ്പിന് കൈമാറുന്നതിന് കഴിഞ്ഞ 6 മാസമായി ഫയലിന്റെ പിന്നാലെ ഒരു നിയമസഭാംഗം നടന്നിട്ടും ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയാണെങ്കിൽ മറ്റൊരു സാധാരണ പൗരന്റെ അവസ്ഥ എന്തായിരിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ